**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631** **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് ജലലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഒന്നും‌രണ്ടും വിള നെൽകൃഷിയും തുടർന്ന് പച്ചക്കറി കൃഷിയും ചെയ്യുന്ന കർഷകർക്ക് ഉതകുന്ന തരത്തിൽ ജലലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കല്ലട ജലസേചന പദ്ധതി, പമ്പ ജലസേചന പദ്ധതി, പീച്ചി ജലസേചന പദ്ധതി, വാഴാനി ജലസേചന പദ്ധതി തുടങ്ങിയ ചെറുകിട ജലസേചന പദ്ധതികൾ, ചെക്ക് ഡാമുകൾ എന്നിവ പ്രയോജനപ്പെടുത്തിയും കർഷകർക്ക് ആവശ്യമായ ജലസേചന പമ്പുസെറ്റുകൾ, ചെറുകുളങ്ങൾ എന്നിവയ്ക്ക് *ത്രിതല പഞ്ചായത്തുകൾ, SMAM തുടങ്ങിയ പദ്ധതികളിലൂടെ* ആനുകൂല്യം നൽകിയും കൃഷിക്കാവശ്യമായ ജലലഭ്യത *കൃഷി വകുപ്പ്* ഉറപ്പ വരുത്തുന്നു . *സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി*യിൻ കീഴിൽ, ജലസേചന സ്രോതസ്സുകളുടെ നിർമ്മാണം എന്ന ഘടകത്തിന് ആനുകൂല്യം ലഭ്യമാക്കുന്നു. *പച്ചക്കറി വികസന പദ്ധതി* മുഖേന ജലസേചനാവശ്യത്തിന് പോർട്ടബിൾ പമ്പ് സെറ്റ്, ഇലക്ട്രിക് മോട്ടോർ, സൂക്ഷ്മ ജലസേചന യൂണിറ്റ് എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു.<br><br>പാടശേഖര സമിതികൾ അറിയിക്കുന്നത് പ്രകാരവും ബന്ധപ്പെട്ട കൃഷി ഓഫീസർ അതാത് സീസണുകളിൽ നൽകുന്ന അപേക്ഷകൾ പ്രകാരവും മൈനർ ഇറിഗേഷന്റെയും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെയും ജലസേചന ക്രമീകരണങ്ങൾ *ജലവിഭവ വകുപ്പ്* നടത്തിവരുന്നു.<br><br>കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും വെള്ളപ്പൊക്ക നിവാരണത്തിനും ഉതകുന്ന വിവിധ പദ്ധതികൾ *മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്* നടപ്പിലാക്കുന്നു. വകുപ്പ് നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ തത്സ്ഥല ജല പരിപാലനവും നീർച്ചാൽ സംരക്ഷണവും സാധ്യമാകുകയും ഭൂഗർഭജലവിതാനം മെച്ചപ്പെടുകയും ചെയ്യുന്നുണ്ട്. ഇതുവഴി കൃഷിയ്ക്കാവശ്യമായ ജലലഭ്യത വേനൽ |

| | | | |
|---|---|---|---|
| | | | **മാസങ്ങളിൽ ഉറപ്പാക്കുവാനും അധികവിള കൃഷി ചെയ്യുവാനും സാധ്യമാകാറുണ്ട്.**<br><br>**കർഷകർക്ക് നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി *കെ.എൽ.ഡി.സി. മുഖേന* വിവിധ പാടശേഖരങ്ങൾക്കാവശ്യമായ അടിസ്ഥാനവികസന പ്രവൃത്തികളായ ബണ്ട് നിർമ്മാണം, സ്ലൂയിസ്, എഞ്ചിൻതറ, വിസിബി, എഞ്ചിൻ ഷെഡ് തുടങ്ങിയ പ്രവൃത്തികളും, തോടുകളുടെയും ഉൾച്ചാലുകളുടെയും ആഴംകൂട്ടൽ, കുളങ്ങളുടെ നവീകരണം എന്നീ പ്രവൃത്തികൾ സർക്കാരിന്റെ വിവിധ സ്കീമുകളായ ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ., ആർ.കെ.ഐ. എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.** |
| (ബി) | കാസർഗോഡ് ജില്ലയിൽ നിന്നും അന്യം നിന്നുപോകുന്ന പുകയില കർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ബി) | കൃഷി വകുപ്പ് മുഖേന പുകയില കർഷകരെ സഹായിക്കുന്നതിന് പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ